REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നിതി ആയോഗിന്റെ പത്താം ഭരണസമിതി യോഗം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.**
- **സംസ്ഥാനത്ത് കാലവർഷം തുടങ്ങി. ജൂൺ ഒന്നിന് എത്തേണ്ട കാലവർഷം ഒരാഴ്ച മുമ്പേ എത്തിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് നാളെ.**
- **മലേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ കിഡംബി ശ്രീകാന്ത് ഫൈനലിലെത്തി.**

## വാർത്തകൾ വിശദമായി

നിതി ആയോഗിന്റെ പത്താം ഭരണസമിതി യോഗം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. 2047-ലെ വികസിത ഭാരതത്തിന് വികസിത സംസ്ഥാനങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യമന്ത്രിമാരും ലെഫ്റ്റനന്റ് ഗവർണർമാരും നിതി ആയോഗ് വൈസ് ചെയർമാൻ, അംഗങ്ങൾ, CEO എന്നിവരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

വികസിത രാഷ്ട്ര സൃഷ്ടിയിൽ സംസ്ഥാനങ്ങളുടെ പങ്ക്, രാജ്യം നേരിടുന്ന വികസന വെല്ലുവിളികൾ തുടങ്ങിയവ യോഗത്തിൽ ചർച്ചയാകും. ഇന്ത്യയെ വികസിത രാജ്യമാക്കുന്നതിൽ സംസ്ഥാനങ്ങളുടെ പങ്ക്, സംരംഭകത്വവും, നൈപുണ്യശേഷിയും, സുസ്ഥിര തൊഴിലവസരവും ഉൾപ്പെടെ വിഷയങ്ങളും യോഗം ചർച്ച ചെയ്യും.

✪✪✪

സംസ്ഥനത്ത് കാലവർഷം നേരത്തെയെത്തി. സാധാരണ ജൂൺ ഒന്നിന് എത്തേണ്ടിയിരുന്ന കാലവർഷം ഒരാഴ്ചമുമ്പ് തന്നെ ആരംഭിച്ചതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്നലെ രാത്രി മുതൽ തിരുവനന്തപുരം മുതൽ കാസർകോട് വരെ ജില്ലകളിൽ ശക്തമായ മഴ പെയ്തു.

അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് കാസർകോട്, കണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രതാ നിർദേശം നൽകി. വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴയിലും കൊല്ലത്തും തിരുവനന്തപുരത്തും മഞ്ഞ ജാഗ്രതയും നൽകി.

നാളെ കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ചുവപ്പ് ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. വരുംദിവസങ്ങളിൽ കാലവർഷം ശക്തമാകുമെന്നാണ് വിലയിരുത്തുന്നത്.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ കടലാക്രമണത്തിനും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പ് നൽകി.

✪✪✪

കണ്ണൂർ ജില്ലയിൽ ഇന്നുമുതൽ മൂന്ന് ദിവസം റെഡ് ആലർട്ട്. ഏത് സാഹചര്യവും നേരിടാൻ ജില്ലാ ഭരണകൂടം സജ്ജമായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.

......വോയ്സ്......

റെഡ് അലർട്ട് ആണെങ്കിലും ജില്ലയിൽ ഇന്ന് മഴയുടെ തീവ്രത കുറവാണ്. എങ്കിലും ചിലയിടങ്ങളിൽ നാശനഷ്ടമുണ്ടായിട്ടുണ്ട്. തലശ്ശേരി ജൂബിലി കോംപ്ലക്സിൽ അൽപം മുൻപ് കൂറ്റൻ തണൽമരം കടപുഴകി വീണു. ആളപായമില്ല, നിർത്തിയിട്ട ഇരുചക്രവാഹനങ്ങൾക്ക് കേടുപറ്റി. ഇന്നലെ രാത്രിയുണ്ടായ കാറ്റിൽ പയ്യന്നൂർ മാവിച്ചേരി, എരമം കുറ്റൂർ നെല്ല്യാട്ട്, വെള്ളൂർ ചിറ്റാരിക്കൊവ്വൽ എന്നിവിടങ്ങളിൽ മരം വീണ് വീടുകൾക്ക് കേടുപറ്റി. ദേശീയ പാത 66 ന്റെ നിർമ്മാണം നടക്കുന്ന തളിപ്പറമ്പ് കുപ്പത്ത് മണ്ണിടിച്ചലിനെ തുടർന്ന് കഴിഞ്ഞ ദിവസം ചെളിയും മണ്ണും വീടിലേക്ക് ഒലിച്ചിറങ്ങിയ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക മാറിയിട്ടില്ല. മണ്ണൊലിപ്പ് തടയുന്നതിന് ആരംഭിച്ചിട്ടുണ്ട്. പഴശ്ശിഡാമിന്റെ രണ്ട് ഷട്ടറുകൾ 50 സെ.മീ.കണ്ട് ഉയർത്തി. ഇതേ തുടർന്ന് വളപട്ടണം പുഴയിലെ ജലനിരപ്പ് ഉയർന്നു. ഏത് അടിയന്തിര സാഹചര്യവും

നേരിടാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗത്തിൽ ബന്ധപ്പെട്ടവർക്ക  കലക്ടർ അരുൺ കെ.വിജയൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

കോഴിക്കോട് ജില്ലയിൽ രാത്രിയിൽ ചെയ്ത മഴയിലും കാറ്റിലും വ്യാപക നാശനഷ്ടമുണ്ടായി. മരം വീണ് പലയിടത്തും ഗതാഗതവും  വൈദ്യുതിയും തടസ്സപ്പെട്ടു

കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബുവിന്റെ റിപ്പോർട്ട്..

........വോയ്സ്........

പലയിടത്തും കൃഷിനാശം ഉണ്ട്. വീടുകളുടെ സംരക്ഷണ ഭിത്തി തകർന്നു വൈദ്യുതി പോസ്റ്റ് വീണിട്ടുണ്ട്. വൈദ്യതി പലയിടത്തും പുനഃസ്ഥാപിച്ചിട്ടില്ല. കോഴിക്കോട് നല്ലളത്ത് വൈദ്യുതി ടവർ ശക്തമായ കാറ്റിൽ ചരിഞ്ഞു. ഫറോക്ക് കടലുണ്ടി, ബേപ്പൂർ മേഖലകളിൽ എഴിടങ്ങളിൽ കാറ്റിൽ മരം വീണു ഗതാഗത തടസ്സം ഉണ്ടായി. കടലുണ്ടി വൈദ്യുത പോസ്റ്റിന് മുകളിലേക്ക് മരം വീണ് ഉണ്ടായ തടസ്സം ഫയർ ഫോഴ്സ് നീക്കം ചെയ്തു.

കോഴിക്കോട് ജില്ലയിൽ രാത്രി ചെയ്ത മഴയിലും മാവൂർ ചാത്തമംഗലം മുക്കം മുൻസിപ്പാലിറ്റികളിലായി ഒമ്പത് ഇടങ്ങളിൽ മരം വീണ് ഗതാഗത തടസ്സമുണ്ടായി ഫയർ ഫോഴ്സ് മരം മുറിച്ചു മാറ്റി.

✪✪✪

കൊച്ചി കുമ്പളത്ത് ഇന്നലെ രാത്രി പെയ്ത മഴയിൽ  റോഡിലേക്ക് വീണ KSEB പോസ്റ്റിൽ തട്ടി ഇരുചക്ര വാഹനത്തിൽ യാത്ര ചെയ്തിരുന്ന വയോധികൻ മരിച്ചു.

അരുകുറ്റി സ്വദേശി അബ്ദുൾ ഗഫൂർ ആണ് മരിച്ചത്. സമീപത്തെ പള്ളിയിൽ ബാങ്ക് വിളിക്കാൻ പോകുമ്പോൾ പുലർച്ചെയായിരുന്നു അപകടം.

✪✪✪

അടുത്ത മൂന്ന് ദിവസം കാസർകോട് ജില്ലയിലെ റാണിപുരം ഉൾപ്പെടെ വിനോദസഞ്ചാരകേന്ദ്രങ്ങളിലും യാത്രകൾക്ക് ജില്ലാ കളക്ടർ നിയന്ത്രണം ഏർപ്പെടുത്തി.  മുന്നറിയിപ്പുകൾ പിൻവലിക്കുന്നത് വരെ നിയന്ത്രണങ്ങൾ തുടരും.  ക്വാറി പ്രവർത്തനവും താൽക്കാലികമായി നിർത്തിവെയ്ക്കാൻ നിർദേശമുണ്ട്.

✪✪✪

കൊടുങ്ങല്ലൂർ കാഞ്ഞിരപ്പുഴയിൽ മണൽ വാരുന്നതിനിടയിൽ വഞ്ചി മറിഞ്ഞ് രണ്ടുപേരെ കാണാതായി. ഓട്ടറാട്ട് പ്രദീപ്, പാലക്കപ്പറമ്പിൽ സന്തോഷ് എന്നിവരെയാണ് കാണാതായത്. വെള്ളിയാഴ്ച അർദ്ധരാത്രിയിലായിരുന്നു സംഭവം.

✪✪✪

ശക്തമായ കാറ്റിലും മഴയിലും തിരുവനന്തപുരം ജില്ലയിൽ വ്യാപക നാശ നഷ്ടം. മെഡിക്കൽ കോളജിന് മുന്നിൽ മരം ഒടിഞ്ഞ് വീണ് കൊല്ലം സ്വദേശിക്ക് പരിക്കേറ്റു. പലയിടത്തും വൈദ്യുതി ബന്ധം തടസപ്പെട്ടു.

✪✪✪

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന് പരംവീരചക്ര ജേതാവ് ലാൻസ് നായിക് ആൽബർട്ട് എക്കയെ അനുസ്മരിക്കുന്നു.

ഡെസ്ക് റിപ്പോർട്ട് ....

....വോയ്സ്....

1942 ൽ റാഞ്ചിയിൽ ജനിച്ച ലാൻസ് നായിക് ആൽബർട്ട് എക്ക 1962 ഡിസംബറിലാണ് ബ്രിഗേഡ് ഓഫ് ഗാർഡ്സിലെ 14-ാം ബറ്റാലിയനിൽ സേവനമാരംഭിച്ചത്. 1971-ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധക്കാലത്ത് 14 ഗാർഡ്സ് ബറ്റാലിയനെ കിഴക്കൻ പാകിസ്താനിലെ അഗർത്തലയിൽ നിന്ന് ആറര കിലോമീറ്റർ അകലെ ഗംഗാസാഗറിലെ പാകിസ്ഥാൻ പോസ്റ്റ് പിടിച്ചെടുക്കുകയെന്ന നിർണായക ദൗത്യം ഏൽപ്പിച്ചു. ദൗത്യത്തിന് നേതൃത്വം നൽകുന്ന ഇടത് ഫോർവേഡ് കമ്പനിയുടെ ഭാഗമായിരുന്നു ലാൻസ് നായിക് ആൽബർട്ട് എക്ക. ഇന്ത്യൻ സൈന്യം മുന്നേറുമ്പോൾ പാക് സേനയുടെ ഷെല്ലാക്രമണവും തുടർച്ചയായ വെടിവെപ്പുമുണ്ടായി. പോരാട്ടത്തിനിടെ ഒരു ബങ്കറിൽ സ്ഥാപിച്ചിരുന്ന ലൈറ്റ് മെഷീൻ ഗണ്ണിൽ നിന്ന് തന്റെ കമ്പനിക്ക് കനത്ത നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ട ലാൻസ് നായിക് സ്വന്തം സുരക്ഷ കണക്കിലെടുക്കാതെ ബങ്കറിലേക്ക് ചാടി രണ്ട് ശത്രുസൈനികരെ ബയണറ്റ് ഉപയോഗിച്ച് വധിക്കുകയും മെഷീൻ ഗൺ നിർവീര്യമാക്കുകയും ചെയ്തു. ഗുരുതരമായി പരിക്കേറ്റെങ്കിലും അദ്ദേഹം പോരാട്ടത്തിൽ നിന്ന് പിൻമാറിയില്ല. ശക്തമായ മുന്നേറ്റം കാഴ്ചവെച്ച് ഓരോ ബങ്കറുകൾ നശിപ്പിച്ച ലാൻസ് നായികിന്റെ വീരോചിതമായ പ്രവർത്തനങ്ങൾ നിരവധി ജീവനുകൾ രക്ഷിച്ചു. ബറ്റാലിയന് ലക്ഷ്യം നേടാനായതോടെ ഗംഗാസാഗറിൽ നിന്ന് ശത്രുവിനെ തുരത്താൻ സാധിച്ചു. പോരാട്ടത്തിനിടെ ഗുരുതരമായി പരിക്കേറ്റ ലാൻസ് നായിക് ആൽബർട്ട് എക്ക വീരമൃത്യു വരിച്ചു. അസാധാരണമായ

ധീരതക്കും നിസ്വാർത്ഥമായ ത്യാഗത്തിനും രാജ്യം അദ്ദേഹത്തിന് പരംവീര ചക്ര നൽകി ആദരിച്ചു. രാഷ്ട്രം അദ്ദേഹത്തെ അഭിവാദ്യം ചെയ്യുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ  മൻ കി ബാത് നാളെ രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും. പരിപാടിയുടെ 122 -ാം പതിപ്പാണിത്. പ്രധാനമന്ത്രിയുടെ ഓഫീസിന്റെയും വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെയും യു - ട്യൂബ് ചാനലുകളിലും, News on Air ആപ്പിലും ഉൾപ്പെടെ പരിപാടി തത്സമയം കേൾക്കാം.  പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിനു ശേഷം, കേരളത്തിലെ ആകാശവാണി നിലയങ്ങൾ മലയാള പരിഭാഷയും പ്രക്ഷേപണം ചെയ്യും.

✪✪✪

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ ജില്ലാ സ്പീഷിസ് പ്രഖ്യാപനം കോഴിക്കോട് ഭട്ട് റോഡ് ബീച്ചിലെ 'സമുദ്ര' കമ്മ്യൂണിറ്റി ഹാളിൽ പുരോഗമിക്കുന്നു. മന്ത്രി AK ശശിന്ദ്രൻ ഓൺലൈനിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്ത് ആദ്യമായാണ് ഒരു ജില്ല സ്വന്തമായി ജൈവവൈവിധ്യ പ്രതീകങ്ങളെ പ്രഖ്യാപിക്കാനൊരുങ്ങുന്നത്.

✪✪✪

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയെ സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യ മുക്ത നഗരസഭയായി മന്ത്രി MB രാജേഷ് പ്രഖ്യാപിച്ചു. സമ്പൂർണ്ണ മാലിന്യമുക്തി, സമ്പൂർണ ഡിജിറ്റൽ സാക്ഷരത എന്നിവയിലും നേട്ടം കൈവരിച്ച നഗരസഭയാണ് ഷൊർണൂർ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത്.

........വോയ്സ്......

പട്ടികയിൽ ഉണ്ടായിരുന്ന 99 കുടുംബങ്ങളെയും അതിദാരിദ്ര്യത്തിൽ നിന്ന് മോചിപിച്ചാണ് നഗരസഭ ഈ നേട്ടം കൈവരിച്ചത്. വീടില്ലാത്ത അഞ്ച് കുടുംബങ്ങൾക്കാണ് നഗരസഭ സുരക്ഷിത ഭവനം ഒരുക്കി കൊടുത്തിരിക്കുന്നത്.വീടും സ്ഥലവും ഇല്ലാതിരുന്ന നാല് കുടുംബങ്ങൾക്ക് ഡോ. സി എം നീലകണ്ഠൻ 'മനസോടിത്തിരി മണ്ണ്' പദ്ധതി വഴി സംഭാവന നൽകിയ 25 സെന്റ് ഭൂമിയിൽ ഫ്ലാറ്റ് നിർമിച്ചു നൽകാനുള്ള നടപടികളും സ്വീകരിച്ചു. നിലവിൽ ഈ നാല് കുടുംബങ്ങളെ നഗരസഭ വാടക നൽകി വീടെടുത്ത് താമസിപ്പിച്ചിരിക്കുകയാണ്. അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടവരുടെ

മറ്റെല്ലാ പ്രശ്നങ്ങളും  നേരത്തേ പരിഹരിച്ചിരുന്നുവെന്ന് നഗരസഭ അധികൃതർ അറിയിച്ചു.

✪✪✪

മലേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റ് പുരുഷ സിംഗിൾസിൽ ഇന്ത്യൻ താരം കിഡംബി ശ്രീകാന്ത്  ഫൈനലിലെത്തി. ജപ്പാന്റെ യുഷി തനാകയെയാണ് ശ്രീകാന്ത് രാവിലെ സെമിയിൽ പരാജയപ്പെടുത്തിയത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ്,  ഡൽഹി ക്യാപിറ്റൽസിനെ ജെയ്പൂരിൽ നേരിടും. സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ദേശീയ കരാട്ടെ ചാമ്പ്യൻഷിപ്പ് 2025 ന്  നാളെ കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ  തുടക്കമാകും.  കേരള, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, പശ്ചിമബംഗാൾ ഉൾപ്പടെ എട്ട്  സംസ്ഥാനങ്ങളിൽ നിന്നും താരങ്ങൾ പങ്കെടുക്കും.

✪✪✪

മുള്ളൻകൊല്ലി കബനിഗിരിയിൽ  വീണ്ടും പുലിയിറങ്ങി ആടിനെ കൊന്നു. രണ്ട് ആടുകളെ നേരത്തെ പുലി പിടിച്ചിരുന്നു. വനം വകുപ്പ് കൂടും നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചതിനോട് ചേർന്ന സ്ഥലത്തിനടുത്താണ് വീണ്ടും ആക്രമണമുണ്ടായത്. പുലിയുടെ സാന്നിധ്യം CCTV-യിലടക്കം പതിഞ്ഞിരുന്നു. ഇന്നും പ്രദേശത്ത് RRT സംഘം തിരച്ചിൽ നടത്തും.

ഇന്നലെ രാത്രി പുലിയെ കണ്ട സുൽത്താൻബത്തേരി സെന്റ്ജോസഫ് സ്കൂൾ പരിസരത്തും,  വനംവകുപ്പിന്റെയും നാട്ടുകാരുടെയും നേതൃത്വത്തിൽ തിരച്ചിൽ തുടരുകയാണ്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളെജ് മെഡിസിൻ വിഭാഗം റിട്ടയേർഡ് പ്രൊഫസർ PC ഈശോ അന്തരിച്ചു. കോഴിക്കോട്ട് സ്വകാര്യ ആശുപത്രിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. 1998 ൽ മെഡിക്കൽ കോളജിൽ നിന്ന് വിരമിച്ച ഡോ. ഈശോ,  കലിക്കറ്റ് സർവകലാശാലയുടെ മെഡിസിൻ ഡീൻ ഫാക്കൽറ്റിയായിരുന്നു. IMA യുടെ ബെസ്റ്റ് ഡോക്ടർ അവാർഡും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.  മറ്റന്നാൾ വെസ്റ്റ്ഹിൽ ബ്രദറൻസ് അസംബ്ളി  സെമിത്തേരിയിൽ സംസ്കരിക്കും.

✪✪✪

സ്വർണ്ണവില വീണ്ടും കൂടി. പവന് 400 രൂപ വർദ്ധിച്ച് 71,920 രൂപയായി. ഗ്രാമിന് 8,990 രൂപയാണ് ഇന്നത്തെ വില.

✪✪✪

രക്ഷിതാക്കളുടെ പുനർവിവാഹശേഷം കുട്ടികൾ നേരിടുന്ന അനാഥത്വം ആശങ്കയുണ്ടാക്കുന്നതാണെന്ന് വനിതാ കമ്മീഷൻ ചെയർപേഴ്സൺ P. സതീദേവി അഭിപ്രായപ്പെട്ടു. ഇത്തരം പരാതികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. പെൺകുട്ടികൾ 18 വയസ്സിന് ശേഷവും പ്രയാസം നേരിടുകയാണെന്ന് കോഴിക്കോട്ട് അദാലത്തിനു ശേഷം അവർ പറഞ്ഞു.

തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളിലും പരാതികൾ വർധിച്ചുവരികയാണ്. പല സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ പ്രവർത്തനരഹിതമാണെന്നും, അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കമ്മീഷൻ കൂടുതൽ ശ്രദ്ധചെലുത്തുമെന്നും സതീദേവി പറഞ്ഞു.

✪✪✪

തീപിടുത്തത്തെ തുടർന്ന് അടച്ചിട്ട കോഴിക്കോട് മൊഫ്യൂസൽ ബസ്സ് സ്റ്റാൻഡ് കെട്ടിടത്തിലെ കടമുറികൾ അടുത്ത തിങ്കളാഴ്ച മുതൽ തുറന്നു പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു. തീപിടിത്തത്തിൽ കെട്ടിടത്തിലെ വൈദ്യുതി വിതരണ ശൃംഖല പൂർണമായി തകരാറിലായിട്ടുണ്ടെന്ന് KSEB യും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും അറിയിച്ചു. കേബിളുകളും പാനൽ ബോർഡുകളും മുഴുവനായി മാറ്റി സ്ഥാപിക്കണം. ഇതിന്റെ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ നടപടിയെടുക്കും.

✪✪✪

*News Reader: സബിത ആനന്ദ്*
*News Team: അനിൽ ചന്ദ്രൻ , ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*